719
11/2/13

കേരള സർക്കാർ
സംഗ്രഹം

റവന്യൂ വകുപ്പ് - ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എ) വകുപ്പ്

സ.ഉ.(സാധാ.) നം. 515/2013/റവന്യൂ. തീയതി, തിരുവനന്തപുരം, 31/01/2013

പരാമർശം :
1. സർവ്വേ ഡയറക്ടറുടെ 07.01.2013 ലെ സർവ്വേ.ബി1.27998/2012 നമ്പർ കത്ത്.
2. ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ കുറിപ്പ്.

## ഉത്തരവ്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള സർവ്വേ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തണമെന്ന് പരാമർശം ഒന്നിലെ കത്ത് പ്രകാരം സർവ്വേ ഡയറക്ടർ ആവശ്യപ്പെട്ടു.

(2) പ്രസ്തുത പദ്ധതിക്കായി ഭൂമി സർവ്വേ നടത്തുന്നതിനും അളന്ന് പ്ലോട്ടുകളായി തിരിക്കുന്നതിനും സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തണമെന്ന് പരാമർശം രണ്ട് പ്രകാരം ജോയിന്റ് കമ്മീഷ്ണർ (ലാന്റ് റവന്യൂ) & സ്പെഷ്യൽ ഓഫീസർ, സീറോ ലാന്റ് ലെസ് (സിറ്റിസൺ) കേരള 2015 ശുപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സീറോ ലാന്റ് ലെസ് (സിറ്റിസൺ), കേരള 2015 –ന്റെ സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായ സാഹചര്യം കണക്കിലെടുത്ത്, സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതിലേയ്ക്ക് നിലവിലുള്ള സർവ്വേ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി.വി. വിജയകുമാർ
ജോയിന്റ് സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം
3. ജോയിന്റ്കമ്മീഷണർ (ലാന്റ് റവന്യൂ) & സ്പെഷ്യൽ ഓഫീസർ (സീറോ ലാന്റ് ലെസ് പ്രോജക്റ്റ്), തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈന്റ്മെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ